# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 414** **10.03.2015 ൽ മറുപടിക്ക്**

**<u>തീവണ്ടികളിൽ വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപന നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കുമോ; | (എ) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധന ങ്ങളുടെ വിലയും, ചേരുവകളും അളവും, ഭക്ഷണം, കുടി വെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രികാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21.12.2012 ലെ കമ്മേർഷ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.<br>പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ, പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നല്കാവുന്നതും ഇൻറർനെറ്റിൽ റെയിൽവേ യുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും<br>റെയിൽവേ സ്വീകരിക്കുന്നതാണ്. |
| (ബി) | തീവണ്ടിയിലെ കാറ്ററിംഗ് യൂണിറ്റിൽ പാചകത്തിനായി തീവണ്ടിയിൽ ലഭിക്കുന്ന ശുചിത്വമില്ലാത്ത വെള്ളം ഉപയോഗിക്കുന്ന ചാനൽ ദൃശ്യങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമായ പരിശോധനക്ക് നിർദ്ദേശം നൽകുമോ? | (ബി) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നത് റെയിൽവേയാണ്. എന്നിരുന്നാലും ഇത് പോലുള്ള ഒറ്റപ്പെട്ട സംഭവങ്ങളെ തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടി വെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ.**